പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2162

04/11/2019 ൽ മറുപടി നല്കേണ്ടത്.

# ഭക്ഷ്യ വസ്തുക്കളിലെ മായം സംബന്ധിച്ച കേസ്സുകൾ

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ | ഉത്തരം<br>ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ഒട്ടാകെ ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിനെതിരെ 1441 അഡ്ജ്യൂഡിക്കേഷൻ കേസുകളും 422 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. |
| ബി) അറവുശാലകളിൽ നിന്ന് ലഭിക്കുന്ന മൃഗക്കൊഴുപ്പ് ഉരുക്കി മായം കലർത്തിയ എണ്ണ ബേക്കറി പലഹാര നിർമ്മാണത്തിന് ഉപയോഗിക്കുന്നതായി വന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ബി) ഇത്തരം വാർത്തകളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തിയെങ്കിലും അത്തരം കേസുകൾ ക ണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| സി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതും പഴകിയ ഭക്ഷണങ്ങൾ വിൽക്കുന്നതും സംബന്ധിച്ച് എത്ര കേസ്സുകളാണ് ഈ സർക്കാർ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിവരിക്കാമോ; മുനിസിപ്പൽ പ്രദേശത്ത് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | സി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 17 അഡ്ജ്യൂഡിക്കേഷൻ കേസുകളും 3 പ്രോസിക്യൂഷൻ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>മേൽ പറഞ്ഞവയിൽ 9 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഒരു പ്രോസിക്യൂഷൻ കേസുമാണ് മുൻസിപ്പൽ പ്രദേശത്ത് രജിസ്റ്റർ ചെയ്തിട്ടുളളത്. |

സെക്ഷൻ ഓഫീസർ